# ഫ്ളക്സും കോൺഗ്രസിലെ ചേരിപ്പോരും



## എം.വി. ജയരാജൻ

'കനകംമൂലം കാമിനിമൂലം കലഹം പലവിധ'മെന്നായിരുന്നു പഴമൊഴി. എന്നാൽ, പൊലീസും ഫ്ളക്സുംമൂലം കോൺഗ്രസ് ഭരണത്തിൽ കലാപം എന്നതാണ് പുതുമൊഴി. ഭരണമുന്നണിയിലും കോൺഗ്രസിലുമുണ്ടായ ചേരിപ്പോരിൻെറ രൂക്ഷത മറനീക്കി പുറത്തുവന്നത് ഒരു ബോർഡ് നിമിത്തമാണ്. ഫ്ളക്സ് ബോർഡിനെ തൽക്കാലം 'ഫ്ളക്സ് ബോംബെ'ന്നു വിളിക്കാം. യു.ഡി.എഫ് ഭരിക്കുമ്പോൾ എല്ലാ കാലത്തും ഒന്നല്ലെങ്കിൽ മറ്റൊരു വിവാദങ്ങൾക്കൊപ്പം ഗ്രൂപ്പുതർക്കം രൂക്ഷമാക്കാൻ ചില സംഭവങ്ങൾ കേവലം നിമിത്തമാവുകയായിരുന്നു. 20012006 കാലത്തെ യു.ഡി.എഫ് ഭരണത്തിലെ ഗ്രൂപ്പുതർക്കം പൊട്ടിത്തെറിയിലത്തൊൻ ഇടയാക്കിയത് മുത്തങ്ങ വെടിവെപ്പായിരുന്നു. അവിടെയും യു.ഡി.എഫ് ഭരണത്തിൻെറ അന്തകൻ പൊലീസ് തന്നെ.  എ.കെ. ആൻറണിയെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് നീക്കംചെയ്യുകയും ഉമ്മൻചാണ്ടിയെ  മുഖ്യമന്ത്രിയായി വാഴിക്കുകയും ചെയ്തത് പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ കേരളം ഇന്നലെയെന്നപോലെ ഓർത്തുപോവുകയാണ്. അക്കാലത്ത് കോൺഗ്രസിലെയും ഘടകകക്ഷികളുടെയും  പല മന്ത്രിമാർക്കും സ്ഥാനം നഷ്ടപ്പെട്ടു. അക്കൂട്ടത്തിൽ കെ. സുധാകരനും മന്ത്രിപദവി പോയി. മെച്ചപ്പെട്ട ഭരണമായിരുന്നെങ്കിൽ അന്ന് ആർക്കും മന്ത്രിസ്ഥാനം നഷ്ടപ്പെടുമായിരുന്നില്ലല്ലോ. അന്നത്തെപ്പോലെ ഇന്നും ഭരണമല്ല, ചേരിപ്പോരാണ് നടക്കുന്നത്.

മുമ്പ് യു.ഡി.എഫ് ഭരണത്തിൻെറ മൂന്നാം വർഷത്തിലായിരുന്നു കലാപമെങ്കിൽ, ഇപ്പോൾ ഒന്നാം വാർഷികത്തിനു മുമ്പുതന്നെ അത് ആരംഭിച്ചിരിക്കുന്നു. മുന്നണി യോഗങ്ങളിലും ഘടകകക്ഷി യോഗങ്ങളിലും മാത്രമായിരുന്നു ആദ്യനാളുകളിൽ കലഹം. പരസ്യമായി പറയാൻ വി.എം. സുധീരനെ

പോലുള്ളവർ രംഗത്തുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പരസ്യപ്രസ്താവനകൾക്ക് വിലക്കേർപ്പെടുത്താൻ കെ.പി.സി.സിക്കും യു.ഡി.എഫ് നേതൃയോഗത്തിനും മാർഗരേഖയും പെരുമാറ്റച്ചട്ടവും കൊണ്ടുവരാൻ കഴിഞ്ഞു. പരസ്യപ്രസ്താവനകൾക്ക് വിലക്കേർപ്പെടുത്തിയുള്ള പെരുമാറ്റച്ചട്ടം ഒരാഴ്ചപോലും പാലിക്കാൻ ജനാധിപത്യപാർട്ടികളായതുകൊണ്ട് കോൺഗ്രസിനോ യു.ഡി.എഫ് ഘടകകക്ഷികൾക്കോ കഴിഞ്ഞില്ല. വി.എം. സുധീരൻ മുതലുള്ള നേതാക്കൾ ബാർ അനുവദിച്ചതിലെ അഴിമതിയടക്കമുള്ള കാര്യങ്ങളാണ് ചൂണ്ടിക്കാട്ടിയതെങ്കിൽ, ഇപ്പോൾ ചേരിപ്പോരിൻെറയും തെരുവു കലാപത്തിൻെറയും സംസ്കാരമാണ് കേന്ദ്രസംസ്ഥാന മന്ത്രിമാരും പ്രാദേശിക നേതാക്കളും മലയാളികൾക്ക് ചാനലുകളിലൂടെ സമ്മാനിക്കുന്നത്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടക്കുന്ന കണ്ണൂരിലെ പൊലീസ്പരേഡ് ഗ്രൗണ്ടിനടുത്ത് പൊലീസ് അസോസിയേഷൻ കെ. സുധാകരന് അഭിവാദ്യമർപ്പിച്ച് ഫ്ളക്സ്ബോർഡ് വെച്ചു. റിപ്പബ്ളിക്ദിന പരേഡ് സമയത്ത് ഈ ബോർഡ് ശ്രദ്ധയിൽപെട്ട കണ്ണൂർ എസ്.പി അത് നീക്കംചെയ്യാൻ നിർദേശിച്ചു. പരേഡ് സമയത്ത് പ്രസ്തുത ബോർഡ് നീക്കം ചെയ്തെങ്കിലും അസോസിയേഷൻ ഭാരവാഹികൾ വൈകുന്നേരം വീണ്ടും പഴയ സ്ഥലത്ത് അത് സ്ഥാപിച്ചു. സേനയിലെ അച്ചടക്കലംഘനമായി കണ്ട്, അസോസിയേഷൻ ഭാരവാഹികളടക്കമുള്ള ആറു പൊലീസുകാരെ ജില്ലാ പൊലീസ് മേധാവി സസ്പെൻഡ് ചെയ്തു. മാങ്ങാട്ടുപറമ്പിലെ കെ.എ.പി ക്യാമ്പിൽ എം.പി ഫണ്ടിൽനിന്ന് നിർദിഷ്ട നീന്തൽകുളത്തിന് പത്തുലക്ഷം രൂപ അനുവദിച്ചതിൽ നന്ദി അറിയിച്ചുള്ള ബോർഡാണെന്നാണ് കോൺഗ്രസ് അനുകൂല പൊലീസ് അസോസിയേഷൻകാരുടെ ഭാഷ്യം. തൻെറ ചിത്രം വെച്ചുള്ള ബോർഡ് വെച്ചാലും നടപടിയെടുക്കുമെന്നും ഇതിനുമുമ്പ് 2005ൽ ചങ്ങനാശ്ശേരി പൊലീസ് സ്റ്റേഷനിൽ തനിക്ക് അഭിവാദ്യമർപ്പിച്ച് സമാനരീതിയിൽ ബോർഡ് വെച്ചപ്പോൾ സസ്പെൻഡ് ചെയ്തിരുന്നുവെന്നുമാണ് സുധാകരനുള്ള മറുപടിയെന്നോണം ഉമ്മൻചാണ്ടി വ്യക്തമാക്കിയത്. എന്നാൽ, ഇപ്പോൾ ഉമ്മൻചാണ്ടിയടക്കമുള്ള മന്ത്രിമാരുടെ ചിത്രങ്ങളുള്ള ഫ്ളക്സ് ബോർഡുകൾ നിരവധി പൊലീസ് സ്റ്റേഷനുകളിലുണ്ടെന്നും അതൊന്നും മാറ്റാത്തത് എന്തുകൊണ്ടാണെന്നും സുധാകരൻെറ മറുപടിചോദ്യം ബാക്കിതന്നെ. സുധാകരൻെറ ആ വാക്കിന് ഉമ്മൻചാണ്ടി ചെവി കൊടുത്തില്ലെങ്കിലും കോൺഗ്രസിലെ വിശാല ഐ ഗ്രൂപ്പുകാർ പൊലീസ്സ്റ്റേഷനു പുറത്തുള്ള ഉമ്മൻചാണ്ടിയുടെ ചിത്രങ്ങളുള്ള ഫ്ളക്സുകൾ പൊളിച്ചുമാറ്റുന്നതിൽ ഒട്ടും കുറവ് വരുത്തുന്നില്ല. ഇതോടനുബന്ധിച്ച് ഇരു ഗ്രൂപ്പ് നേതാക്കളുടെയും പ്രതികരണങ്ങൾ നിരന്തരം വരുന്നുണ്ട്. പാവപ്പെട്ട കോൺഗ്രസ് പ്രവർത്തകരുടെ പേരിൽ കള്ളക്കേസെടുത്ത് ലോക്കപ്പിലിടുകയാണ് ഉമ്മൻചാണ്ടിഭരണത്തിൽ 'മിടുക്ക'നായ എസ്.പി. ഈ 'മിടുമിടുക്ക'നെ മുല്ലപ്പള്ളിക്ക് ദൽഹിക്കു കൊണ്ടുപോകാം. തെറ്റായ പൊലീസ് നടപടിയെ കുറിച്ച് എസ്.പിയോട് ഐ ഗ്രൂപ്പുകാർ സംസാരിച്ചാൽ അവരെപ്പോലും ജയിലിലടക്കുകയാണ്. ജനപ്രതിനിധികളോട് പൊലീസ് മാന്യമായി പെരുമാറുന്നില്ല. എൽ.ഡി.എഫ് ഭരണമാണ് ഇതിനേക്കാൾ ഭേദം. ആത്മാഭിമാനമുള്ളവർക്കുമാത്രമേ അഭിമാനത്തിൻെറ വിലയറിയൂ. എസ്.പിക്കെതിരെ നടപടി എടുക്കണം. കെ.പി.സി.സി പ്രസിഡൻറിൻെറ അനുഗ്രഹാശിസ്സുകളോടെ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രതികരണങ്ങൾക്കുള്ള മറുപടി കേന്ദ്രസംസ്ഥാന മന്ത്രിമാർ തന്നെയാണ് നൽകുന്നത്. നിയമം നിയമത്തിൻെറ വഴിയെ പോകും. മിടുക്കരായ പൊലീസുദ്യോഗസ്ഥരെ അപമാനിക്കരുത്. കണ്ണൂരിലേത് പൊതുവായ പൊലീസ് നയമാണ്. അച്ചടക്കം കെ. സുധാകരനും ബാധകം . സുധാകരൻെറ അഴിഞ്ഞാട്ടം നിർത്തണം. മസിൽപവറും കൈയൂക്കും കൊണ്ട് പാർട്ടിക്കതീതനാകാൻ ആരും നോക്കണ്ട. മസിൽ പവർ കൊണ്ടും പണം കൊണ്ടും നേതാവായാൽ കോൺഗ്രസുകാർ അംഗീകരിക്കില്ല. പൊലീസിൻെറ ജോലി ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കലാണ്. അല്ലാതെ സുധാകരനെ പ്രകീർത്തിക്കലല്ല.

ഈ വായ പയറ്റ് തെരുവ് യുദ്ധത്തിലേക്ക് അണികളെ നയിച്ചു. കൊല്ലം, കൊട്ടാരക്കര, വടകര, കണ്ണൂർ, തലശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ പ്രകടനം നടത്തി അന്യോന്യം തെറിപറയുകയാണ്. ഡി.സി.സി പ്രസിഡൻറായിരുന്നപ്പോൾ പി. രാമകൃഷ്ണൻെറ കോലം കത്തിച്ചു. പ്രസിഡൻറ് സ്ഥാനം നഷ്ടപ്പെട്ടപ്പോൾ പി. രാമകൃഷ്ണനെ മനോരോഗിയെന്നാണ് വിശേഷിപ്പിച്ചത്. എന്നാൽ, എസ്.പിയുടെ കോലം കത്തിച്ചത് എന്തടിസ്ഥാനത്തിലാണ്? ആറു പൊലീസുകാരെ സസ്പെൻഡ് ചെയ്തത് ഉമ്മൻചാണ്ടിയുടെ നിർദേശമനുസരിച്ചാണെന്നു ഇതിനകം വ്യക്തമായ കാര്യമാണല്ലോ. മുഖ്യമന്ത്രിയുടെ ചിത്രമുള്ള ബോർഡുകൾ സംസ്ഥാനത്തുടനീളം പൊളിച്ചുമാറ്റാൻ ഒരു ഗ്രൂപ്പുകാർ ടെൻഡർ കൊടുത്തുവെന്ന് തോന്നുംവിധമാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. ഇവിടെ ശാസ്ത്രവിലക്കുപോലെ പ്രസംഗ വിലക്കേർപ്പെടുത്തിയിട്ടും കെ.പി.സി.സി പ്രസിഡൻറിൻെറ അച്ചടക്ക പ്രമാണം ആരും അനുസരിക്കുന്നില്ല. അതിൻെറ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഇത്തരം അച്ചടക്ക ലംഘനത്തെക്കുറിച്ച് ചർച്ച ചെയ്യാനായി കെ.പി.സി.സി നേതൃയോഗം ഫെബ്രുവരി മൂന്നിന് തിരുവനന്തപുരത്ത് സമ്മേളിച്ചപ്പോൾ ഫ്ളക്സ് ബോർഡുകളുടെ പ്രദർശന നഗരിയായി ഇന്ദിര ഭവൻ മാറിയത്.

പൊലീസിനെ രാഷ്ട്രീയവത്കരിക്കുക മാത്രമല്ല ഗ്രൂപ്പുവത്കരിക്കുക കൂടി ചെയ്തുവെന്നാണ് ഇപ്പോൾ ബോധ്യമാകുന്നത്. 1979 ലാണ് പൊലീസ് അസോസിയേഷൻ രൂപവത്കരിക്കുന്നത്. കഴിഞ്ഞ മൂന്നു ദശകത്തിനിടയിൽ ഇത്തര മൊരു ഫ്ളക്സ് വിവാദം ഉണ്ടായിട്ടില്ല. 135 മീറ്റർ റോഡ് പണിയുടെ

കാര്യത്തിൽ പോലും രാഷ്ട്രീയക്കാരനായ മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും അഭിവാദ്യ ബാനറുകളും ബോർഡുകളും തിരുവനന്തപുരം മുതൽ കാസർകോട് വരെ അസോസിയേഷനാണ് സ്ഥാപിക്കുന്നത്. ഇത്തരമൊരു സ്ഥിതി മുമ്പുണ്ടായിട്ടില്ല. 2005ൽ മുഖ്യമന്ത്രിക്ക് അഭിവാദ്യമർപ്പിച്ച് ചങ്ങനാശ്ശേരി പൊലീസ് സ്റ്റേഷനിലെ നോട്ടീസ് ബോർഡിൽ പോസ്റ്റർ ഒട്ടിച്ചപ്പോൾ അത് അന്നത്തെ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സന്തോഷ് എന്നയാൾ എടുത്തുമാറ്റി. പോസ്റ്റർ ഒട്ടിച്ചയാളെയല്ല,അതെടുത്തുമാറ്റിയ ആളെയായിരുന്നു അന്ന് സസ്പെൻഡ് ചെയ്തത്. അത് വിവാദമായപ്പോൾ ചട്ടവിരുദ്ധമായി പോസ്റ്ററും ബോർഡും ചങ്ങനാശ്ശേരിയിൽ സ്ഥാപിച്ച നൗഷാദിനെയും പിന്നീട് സർക്കാറിന് സസ്പെൻഡ് ചെയ്യേണ്ടിവന്നു. 2006 മാർച്ച് 23ന് സസ്പെൻഡ് ചെയ്തുകൊണ്ട് സന്തോഷിനു കൊടുത്ത നോട്ടീസിൽ പോസ്റ്റർ വലിച്ചുകീറിയതിന് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

എന്തുകൊണ്ടാണ് ബോർഡ് വെക്കുന്നത് ചട്ടവിരുദ്ധമാവുന്നത്? പൊലീസിൻെറ പണിയല്ല അത് എന്നതുകൊണ്ടുതന്നെ. നിയമ പരിപാലനമാണ് പൊലീസിൻെറ ചുമതല. പൊലീസ് അസോസിയേഷൻെറ ബൈലോയിൽ ഇപ്രകാരം പറയുന്നു പൊലീസ് ഉദ്യോഗസ്ഥന്മാർക്കിടയിൽ പരസ്പര വിശ്വാസം, ബഹുമാനം, സൗഹാർദം എന്നിവക്ക് ഹാനി സംഭവിക്കുന്നത് ഒഴിവാക്കുന്നതിനും അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും സംഘടിതമായ പ്രചാരണമോ വോട്ട് പിടിത്തമോ ഉച്ചഭാഷിണി, ചുമർ പരസ്യങ്ങൾ, ചുമരെഴുത്തുകൾ, നോട്ടീസുകൾ, മുതലായവ ഉപയോഗിക്കുന്നത്, പൊതുവായോ വിഭാഗീയമായോ യോഗങ്ങൾ സംഘടിപ്പിക്കുന്നത് മുതലായവ അനുവദിക്കുന്നതല്ല(8.13).

അസോസിയേഷൻ നിയമാവലിയിലെ അഞ്ചാം വകുപ്പിൽ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ രാഷ്ട്രീയേതര സംഘടനയാണെന്നും പ്രത്യക്ഷമായോ പരോക്ഷമായോ ഒരുവിധ രാഷ്ട്രീയ പ്രചാരണ പ്രവർത്തനങ്ങളിലും ഏർപ്പെടാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. ഇപ്പോൾ നിലവിലുള്ളതും ഭാവിയിൽ നടപ്പാക്കുന്നതുമായ പൊലീസ് സേനയുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങൾക്കും വിധേയമായി മാത്രമേ അസോസിയേഷന് പ്രവർത്തിക്കാൻ അവകാശമുള്ളൂ. പൊലീസ് ആക്ട് അനുസരിച്ചാണെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ ഇത്തരം കാര്യങ്ങൾ ചെയ്യാനും പാടില്ല. അതുകൊണ്ടുകൂടിയാണ് സസ്പെൻഷൻ. കേവലം ഒരാഴ്ചത്തെ സസ്പെൻഷൻ മാത്രം. ബോർഡ്വെച്ച പൊലീസുകാർപോലും മാപ്പെഴുതിക്കൊടുത്തു. എസ്.പി ആണെങ്കിൽ ദീർഘകാലത്തേക്ക് പരിശീലനത്തിനും പോയി. എന്നിട്ടും തെരുവിലെ കലാപം തീരാതിരിക്കാൻ കാരണം തർക്കത്തിനു പിന്നിൽ നേതൃമാറ്റംതന്നെ എന്നതാണ്. ഇന്നത്തെ പല മന്ത്രിമാരും കഴിഞ്ഞ സർക്കാറിൻെറ കാലത്ത് പൊലീസ് അസോസിയേഷൻ നിരോധിക്കണമെന്നുപോലും പറഞ്ഞവരാണ്. അവരുടെ അഭിപ്രായം ഇപ്പോൾ ബംഗാളിൽ കോൺഗ്രസിൻെറ കൂട്ടുകക്ഷി തൃണമൂൽ കോൺഗ്രസ് നടപ്പാക്കി കഴിഞ്ഞു. സർക്കാർ ജീവനക്കാർക്ക് സമരംചെയ്യാനുള്ള അവകാശങ്ങൾക്കും നിയന്ത്രണം കൊണ്ടുവരുകയാണ് മമതയുടെ അടുത്ത നീക്കം. അത്തരമൊരു നടപടിയൊന്നും ജനാധിപത്യ വ്യവസ്ഥയിൽ അംഗീകരിക്കാനാവില്ല. അതുകൊണ്ടുതന്നെ പൊലീസ് അസോസിയേഷൻ നിരോധിക്കുക പ്രായോഗികമല്ല. യു.ഡി.എഫ് സർക്കാറിൻെറ കാലത്തുതന്നെ അച്ചടക്കലംഘനത്തെ തുടർന്ന് നടപടിക്കിരയായവർ നയിക്കുമ്പോൾ സംഘടന പൂർണമായും രാഷ്ട്രീയവത്കരിക്കപ്പെട്ടിരിക്കുന്നുവെന്ന സത്യം ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. അക്കാര്യത്തിലാണ് ഫലപ്രദമായ നടപടി വേണ്ടത്. ആദ്യം നടപടി തുടങ്ങേണ്ടത് മുഖ്യമന്ത്രിയുടെ ഓഫിസിൽ നിന്നാണ്. പൊലീസിനെ പൊലീസിൻെറ മാത്രം പണി ഏൽപിക്കുക. രാഷ്ട്രീയവത്കരിക്കുകയോ ഗ്രൂപ്പുവത്കരിക്കുകയോ ചെയ്യാതിരിക്കുക. ഒന്നോ രണ്ടോ എം.എൽ.എമാരുടെ ഭൂരിപക്ഷം മാത്രമായതിനാൽ സർക്കാറിന് പല സമ്മർദങ്ങൾക്കും വഴങ്ങേണ്ടിവരുന്നു.

കോൺഗ്രസിൽ മാത്രമല്ല, മുന്നണിക്കകത്തും രൂക്ഷമായ ഭിന്നതകൾ കണ്ടുതുടങ്ങി. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നടന്ന ചടങ്ങിൽ മന്ത്രിയും എം.പിയും തമ്മിൽ നടന്ന വാഗ്വാദം അണികൾ തമ്മിലുള്ള കൈയാങ്കളിയിലെത്തി. അച്ഛനും മന്ത്രിയായ മകനും തമ്മിലുള്ള വഴക്കും തെരുവുഗുണ്ടകൾ തമ്മിലുള്ള തർക്കം പോലെ അധ×പതിച്ചു. മുല്ലപ്പെരിയാർ പ്രശ്നം ഇത്രത്തോളം വഷളാക്കിയതും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തമില്ലായ്മയല്ലാതെ മറ്റെന്താണ്? പ്രതിച്ഛായ ചർച്ച മുതൽ തെരുവുകളിൽ നടന്ന കൂട്ടത്തല്ല് വരെ കഴിഞ്ഞ യു.ഡി.എഫ് ഭരണത്തിലുണ്ടായി. അത്തരമൊരു അവസ്ഥയിലേക്കാണോ കോൺഗ്രസും യു.ഡി.എഫും നീങ്ങുന്നത്. വിലക്കയറ്റം തടയുന്നതിലോ ആഗോളവത്കരണ ബദൽനയം നിർണയിക്കുന്നതിലോ ഉള്ള തർക്കമല്ല ഇപ്പോൾ കോൺഗ്രസിലും യു.ഡി.എഫിലും നടക്കുന്നത്. ഫ്ളക്സ് വിവാദം സൃഷ്ടിച്ച പൊല്ലാപ്പിൽനിന്ന് തലയൂരാൻ പുതിയ വിവാദം കോൺഗ്രസിൽനിന്ന് രൂപപ്പെടുന്ന നാളുകൾ ഏറെ വിദൂരമല്ലെന്ന് ജനങ്ങൾക്കുമുന്നിലെ അനുഭവം അടിവരയിടുന്നു.

(കടപ്പാട്: മാധ്യമം)